മിസ്റ്റർ കെ. പി. വള്ളോൻ.—റവന്യൂ ഡിപ്പാർട്ടുമെണ്ടിലേയ്ക്ക് അടിയെ പ്രവേശിപ്പിക്കുന്നില്ലെന്നുള്ള വല്ല ആക്ഷേപവും കിട്ടിയിട്ടുണ്ടോ ?

മിസ്റ്റർ കെ. അച്ചുതമേനോൻ.—റവന്യൂ ഡിപ്പാർട്ടുമെണ്ടിനെ കിട്ടിയിട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—മറ്റു വല്ല ഡിപ്പാർട്ടുമെണ്ടിലും കിട്ടിയിട്ടുണ്ടോ ?

മിസ്റ്റർ കെ. അച്ചുതമേനോൻ.—എനിയ്ക്കു നിശ്ചയമില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—പിന്നെ ആരാണാവോ ഇതിനെ മറുപടി തരുന്നതു് ?

രാമവമ്മ തമ്പുരാൻ.—നോട്ടീസു വേണം.

Poramboke lands given to the Depressed Classes.

183. മിസ്റ്റർ കെ. പി. വള്ളോൻ.— അധഃകൃതസംരക്ഷണ ഡിപ്പാർട്ടുമെണ്ടിൽനിന്നും അധഃകൃതരുടെ കുടിപാർപ്പിനായി തിരിച്ചുകൊടുക്കുന്ന പുറമ്പോക്കു ഭൂമികൾ റെവന്യൂ ഡിപ്പാർട്ടുമെണ്ടിന്റെ അനുമതിയോടുകൂടിയോ അല്ലയോ എന്നു ദയവായി മറുപടി പറയുമോ ?

രാമവമ്മതമ്പുരാൻ.—റെവന്യൂ ഡിപ്പാർട്ടുമെണ്ടിൽനിന്നും അധഃകൃതർ പാർക്കുവാൻ അനുവദിച്ചിട്ടുള്ള സ്ഥലമാണു് അധഃകൃത ഡിപ്പാർട്ടുമെണ്ടിൽനിന്നും തിരിച്ചുകൊടുക്കുന്നതു്.

Reduction of feeding charges given to the Depressed Class pupils who are studying in the Trichur Industrial School.

184. മിസ്റ്റർ കെ. പി. വള്ളോൻ.—തൃശ്ശിവപേരൂർ ഇൻഡസ്ട്രിയൽ സ്കൂളിൽ പഠിക്കുന്ന അധഃകൃത വിദ്യാർത്ഥികൾക്കു മാസന്തം ഏഴുരൂപ കൊടുത്തിരുന്നതു ഈ വർഷത്തിൽ മൂന്നാക്കി കുറക്കുവാനുള്ള കാരണമെന്തു് ?

രാമവമ്മതമ്പുരാൻ.—അധഃകൃത ഹോസ്റ്റലിൽ ചേരാത്ത ഇൻഡസ്ട്രിയൽ വിദ്യാർത്ഥികൾക്കു ഫീഡിംഗ് ചാർജ്ജു നൽകിയതു് ഭക്ഷണസാധനങ്ങൾക്കു വില കുറഞ്ഞതുകൊണ്ടും വിദ്യാർത്ഥികളെ ഹോസ്റ്റലിൽ ചേരുവാൻ പ്രോത്സാഹിപ്പിക്കുവാൻ വേണ്ടിയുമാണു്

മിസ്റ്റർ കെ. പി. വള്ളോൻ.—ഹോസ്റ്റലിൽ താമസിക്കുന്നതിനു് സൌകര്യമില്ലാത്ത വിദ്യാർത്ഥികൾക്കു് കൊസ്റ്റപ്പണ്ടു് കൊടുത്തിരുന്നതു് കുറയ്ക്കുവാനുള്ള കാരണമെന്താണു് ?

രാമവമ്മതമ്പുരാൻ.—ഹോസ്റ്റലിൽഉള്ള സ്റ്റുഡൻറ്സിനു് മുഴുക്കയിട്ടില്ല. ഇതു് ഹോസ്റ്റലിൽനിന്നും പുറത്തു താമസിയ്ക്കുന്നവർക്കു് ഉള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly